Draft #1 of File 18951/AC A5-1/2020/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 02-Jun-2020 11:24 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

11.05.2020 തീയതിയിൽ വൈസ് ചാൻസലർ വിളിച്ച ചേർത്ത പഠനവകുപ്പ് മേധാവിമാരുടെ യോഗത്തിന്റെ നടപടി കുറിപ്പിലെ സി. എസ്. എസ് അക്കാദമിക് ഉപദേശക സമിതിയെ ചുമതലപ്പെടുത്തികൊണ്ടുള്ള ശിപാർശകൾ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 2369/AC A 5/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 08.06.2020

---

*പരാമർശം:*-1.11.05.2020 തീയതിയിൽ വൈസ് ചാൻസിലർ വിളിച്ചുചേർത്ത പഠനവകുപ്പ് മേധാവിമാരുടെ യോഗത്തിന്റെ നടപടികുറിപ്പ് .

**ഉത്തരവ്**

പരാമർശം (1) പ്രകാരം വൈസ് ചാൻസലർ വിളിച്ചുചേർത്ത പഠനവകുപ്പ് മേധാവിമാരുടെ യോഗത്തിൽ താഴെപ്പറയുന്ന ശിപാർശകൾ സമർപ്പിച്ചിരുന്നു .

- കോവിഡ്-19 വ്യാപനത്തെതുടർന്ന് മുടങ്ങിയതും പൂർത്തീകരിക്കേണ്ടതുമായ പരീക്ഷകളിൽ സർവ്വകലാശാലകൾക്ക് ഉചിതമായ തീരുമാനമെടുക്കാമെന്നുള്ള യു ജി സി നിർദ്ദേശം പരിഗണിച്ച് ബിരുദാന്തര ബിരുദ പ്രോഗ്രാമുകളിലെ രണ്ടും നാലും സെമെസ്റ്ററുകളിലെ എൻഡ് സെമസ്റ്റർ പരീക്ഷകൾ ഇൻ്റേണൽ പരീക്ഷകളായി നടത്തുന്നതു സംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിനായി സി എസ് എസ് അക്കാദമിക് അഡ്വൈസറി കമ്മിറ്റിയെ ചുമതലപെടുത്തുന്നതിനു ശിപാർശ ചെയ്തു.

- കോവിഡ്-19 വ്യാപനത്തിന്റ പശ്ചാത്തലത്തിൽ പ്രാക്റ്റിക്കൽ പരീക്ഷകൾ നടത്തുന്നത് പ്രായോഗികമല്ല എന്നുള്ളതിനാൽ `നിലവിലുള്ള അവസാന സെമസ്റ്റർ പരീക്ഷകൾക്ക് തൽ സ്ഥിതിയിലുള്ള മൂല്യനിർണയ രീതി പിന്തുടരുന്നതിനും 2020-2021 അദ്ധ്യയന വർഷം മുതൽ കണ്ടിന്യുവസ് ഇവാല്യുവേഷൻ ആൻഡ് അസ്സെസ്സ്മെന്റ് നടപ്പിലാക്കുന്നതിനും ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് സി എസ് എസ് അക്കാദമിക് അഡൈ്വസറി സമിതിയെ ചുമതലപ്പെടുത്തുന്നതിന് ശിപാർശ ചെയ്തു .

ടി ശിപാർശകൾ വൈസ് ചാൻസിലർ അംഗീകരിച്ചിരിക്കുന്നു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പ്രൊഫ് (.ഡോ) സന്തോഷ് പി തമ്പി,കൺവീനർ സി എസ് എസ് അക്കാദമിക് ഉപദേശക സമിതി / മറ്റ് സി എസ് എസ് അക്കാദമിക് ഉപദേശക സമിതിഅംഗങ്ങൾ / സർവ്വകലാശാലാ പഠന വകുപ്പ് മേധാവികൾ

2 . വിസി ,പിവിസി എന്നിവരുടെ പിഎസ് മാർ

3 . രജിസ്ട്രാർ/എഫൊ/സീ ഇ എന്നിവരുടെ പിഎ മാർ

4 .എ ആർ III,ഡി ആർ II (അക്കാദമിക് )/ ജെ ആർ II (അഡ്മിൻ )

5 സി എം എസ് /ഐക്യൂഎസി/ സി .എസ്. എസ് / എ.സി.എ 12

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 18951/AC A5-1/2020/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 02-Jun-2020 11:24 PM - Page 2